"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജ്, ബ്ലോക്ക് 160, റീസർവ്വെ നമ്പർ 87-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തയതും നിലവിൽ കുളം ഇല്ലാത്തതുമായ ഭൂമി, തിരുമല ചെറുകര ഗാർഡൻസ് നിവാസികളും നിലവിലെ കൈവശക്കാരുമായ 17 പേർക്ക് ഇനം മാറ്റം നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.79/2026/RD തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. 11.12.2024 ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.01.2026-ലെ DCTVM/6590/2025-B4 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.01.2026 ലെ എൽ.ആർ./13055/2025-പി. എം.2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജ്, ബ്ലോക്ക് 160, റീസർവ്വെ നമ്പർ 87-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമി പതിച്ചു നൽകുന്നതിനായി ടി ഭൂമിയിലെ 17 കൈവശക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ശാസ്തമംഗലം വില്ലേജ്, തിരുമല ചെറുകര ഗാർഡൻസ് നിവാസികളായ 17 അപേക്ഷാ കക്ഷികൾ പ്രസ്തുത കുളം പുറമ്പോക്ക്" ഭൂമിയിലാണ് താമസിച്ചു വരുന്നതെന്നും അപേക്ഷയ്ക്ക് ആസ്പദമായ ഭൂമി ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് (ആകെ 22.46 ആർസ് വിസ്തീർണ്ണം) എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പതിവിനാസ്പദമായ സ്ഥലത്ത് നിലവിൽ കുളം ഇല്ലെന്നും ടി ഭൂമി കുളം നികത്തിയ ഭൂമിയാണെന്നും 1994 ലെ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വരുന്നതിനു മുമ്പ് തന്നെ അപേക്ഷകർ ടി ഭൂമിയിൽ വീട് വച്ച് താമസിച്ചു വരുന്നതാണെന്ന് തഹസിൽദാർ ശിപാശ സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അപേക്ഷകർക്ക് മറ്റൊരിടത്തും സ്വന്തമായി ഭൂമിയില്ലാത്തതും അപേക്ഷകരുടെയെല്ലാം വാർഷിക വരുമാന പരിധി 1,00,000/- രൂപയിൽ താഴെയാണെന്നും അപേക്ഷകരിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽ ഉൾപെട്ടവരാണെന്നും കൂടാതെ അപേക്ഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിൽ തടസ്സം ഇല്ലെന്ന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറി നിരാക്ഷേപപത്രം ലഭ്യമാക്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ അപേക്ഷകരുടെയും പേരിൽ 7(1)

നോട്ടീസ് പ്രസിദ്ധപ്പെടുത്തി ആയതു ആക്ഷേപരഹിതമായി മടങ്ങിയിട്ടുള്ളതുമാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. പരാമർശം (1) ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി കുളം പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെട്ടു വരുന്ന ഭൂമിയുടെ ഇനം മാറ്റുന്നതിലേയ്ക്കും കക്ഷികളുടെ പേരിൽ പതിവു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതിന് പ്രപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജ്, ബ്ലോക്ക് 160, റീസർവ്വെ നമ്പർ 87-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമിയിലെ 17 കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനായി സർക്കാർ ഉത്തരവുണ്ടാകണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും അഭ്യർത്ഥിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടറുടെയും ലാൻറ് റവന്യു കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജ്, ബ്ലോക്ക് 160, റീസർവ്വെ നമ്പർ 87-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം കുളം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയ ഭൂമിയിൽ ദീർഘകാലമായി താമസിച്ച് വരുന്നതും കൈവശം വച്ചിരിക്കുന്നതുമായ 17 അപേക്ഷാ കക്ഷികൾക്ക് (ലിസ്റ്റ് ഉള്ളടക്കം ചെയ്തിട്ടുണ്ട്) ഭൂമിയുടെ ഇനം തരിശാക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

4. ടി. ഭൂമി പതിച്ച് നൽകുന്നതിനുള്ള നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കലക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 17-02-2026 18:02:10
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്